# പതിനാലാം കേരളനിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4584 25.06.2019 ൽ മറുപടിക്ക്

### വില്ലേജ് ഓഫീസുകളിലെ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ വേതനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.മാത്യു റ്റി.തോമസ്** | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) വില്ലേജ് ഓഫീസുകളിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവന്നിരുന്നവർക്ക് വേതനം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (എ) ഇല്ല. വില്ലേജാഫീസുകളിൽ റലീസ് പദ്ധതിയുമായി ബന്ധപ്പെട്ട് ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്കുള്ള വേതനം അതാത് ജില്ലാ കളക്ടർമാരാണ് അനുവദിക്കുന്നത്. ഇങ്ങനെ ജോലി ചെയ്യുന്നവർക്കുള്ള വേതനം നൽകുന്നതിനുള്ള ഫണ്ട് അതാത് ജില്ലാ കളക്ടർമാർക്ക് അനുവദിച്ച നൽകുകയാണ് ചെയ്യുന്നത്. 2018-2019 സാമ്പത്തിക വർഷാവസാനം ട്രഷറി നിയന്ത്രണം മൂലം ക്യൂവിലുണ്ടായിരുന്ന ബില്ലുകളിന്മേലുള്ള തുകയും ജില്ലാ കളക്ടർമാർക്ക് ഇതിനകം തന്നെ അനുവദിച്ച നൽകിയിട്ടുണ്ട്. |
| (ബി) തിരുവല്ല താലൂക്കിലെ വിവിധ വില്ലേജ് ഓഫീസുകളിൽ പ്രസ്തുത ജീവനക്കാർക്ക് കുടിശ്ശികയായിരിക്കുന്ന വേതനം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) പത്തനംതിട്ട ജില്ലാ കളക്ടറുടെ 26/03/2019-ലെ സി3-34688/15 നടപടിക്രമപ്രകാരം 21/06/2018 മുതൽ 31/01/2019 വരെയുള്ള വേതനത്തിന് തുക അനുവദിച്ചിരുന്നത് ട്രഷറി നിയന്ത്രണം മൂലം ട്രഷറി ക്യൂവിലായതിനാൽ മാറി നൽകുന്നതിന് സാധിച്ചിരുന്നില്ല. ടി തുക നടപ്പ് സാമ്പത്തിക വർഷത്തിൽ ജില്ലാ കളക്ടർമാർക്ക് അനുവദിച്ചിട്ടുള്ളതും ആയത് മാറി നൽകുന്നതിന് 20/06/2019 ന് തിരുവല്ല തഹസീൽദാർക്ക് നിർദ്ദേശം നല്കിയിട്ടുള്ളതുമാണ്. കൂടാതെ 01/02/2019 മുതൽ 31/03/2019 വരെയുള്ള കുടിശ്ശിക തുക 2019-20 വർഷത്തെ ഭരണാനുമതി ആകുന്ന മുറയ്ക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ